പ്ലാച്ചിമടയിൽ കോളക്കമ്പനി പൂട്ടേണ്ടിവന്നതിൽ ദുഃഖമുണ്ടെന്ന് സെക്രട്ടറി പറയുമ്പോൾ ഏതു രാജ്യതാത്പര്യങ്ങളുടെ പേരിലാണതെന്ന് ഒരൊറ്റ പത്രത്തിലും വിശകലനം ചെയ്യപ്പെട്ടില്ല. പ്ലാച്ചിമടയെന്ന ഗ്രാമത്തിലെ കുടിവെള്ളം വറ്റിച്ച് കൃഷിഭൂമി മുഴുവൻ വിഷം കലർത്തിയ കമ്പനിയെക്കുറിച്ചോർക്കുമ്പോൾ കരച്ചിൽ വരുന്ന സെക്രട്ടറി നാടുവാഴുമ്പോൾ അമേരിക്കയിൽ ശിഷ്ടജീവിതം കഴിച്ചുകൂട്ടുന്ന വൃദ്ധനെ എന്തിനു തിരിച്ചുകൊണ്ടുവന്ന് ശിക്ഷിക്കണം? ഭോപ്പാലുകൾ സംഭവിച്ചുകൊണ്ടേയിരിക്കും; പക്ഷേ നമുക്ക് വികസനം വേണ്ടെന്നു വയ്ക്കാനാകുമോ എന്ന് ഒരിക്കൽ ചോദിച്ചത് രാജ്യം ഭരിക്കുന്ന പ്രധാനമന്ത്രി തന്നെയാണ്. നാട്ടുകാരുടെ പൊതുനന്മയ്ക്കുതകുന്ന പദ്ധതികളല്ല, മറിച്ച് കമ്പനികളുടെ നിക്ഷേപതാത്പര്യങ്ങളാണ് രാജ്യവികസനത്തിനാവശ്യം എന്നല്ലേ ഈ രാജശാസനങ്ങൾ വിളിച്ചു പറയുന്നത്?

# കണ്ണീരിന്റെ വ്യാകരണം

എ. എസ്തപ്പാൻ

വാതകദുരന്തമുണ്ടായ ദിവസങ്ങളിലേക്കാൾ കൂടുതൽ ഭോപ്പാൽ വാർത്തകളാണ് കോടതി വിധിയ്ക്കു ശേഷം മാധ്യമങ്ങളിൽ ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. ദുരന്തത്തിന്റെ ഉത്തരവാദികളെ തിരഞ്ഞു പിടിച്ചു കാണിച്ചു തരികയും കോടതിവിധിയുടെ പൊരുത്തമില്ലായ്മയെക്കുറിച്ച് രോഷം കൊള്ളുകയും ചെയ്യുന്നു അവ. ആൻഡേഴ്സിനെ ഇന്ത്യവിടാൻ സഹായിച്ചവരാരൊക്കെയെന്നും വാതകദുരന്തം എങ്ങനെ ഒഴിവാക്കണമായിരുന്നു എന്നും അവർ ചർച്ച ചെയ്തുകൊണ്ടിരുന്നു. തീർച്ചയായും വാർത്തകൾ വായനക്കാരിലേക്കെത്തിക്കുകയെന്നതു തന്നെ പത്രധർമ്മം. സമകാലീന സാമൂഹ്യസംഭവങ്ങളിലെ നൈതിക നിരാസം സാധാരണക്കാരന്റെ പൗരധർമ്മത്തെ ഉദ്ദീപിപ്പിക്കുന്നുവെങ്കിൽ ഭോപ്പാലിൽ ആൻഡേഴ്സൺ ചെയ്തതിനേക്കാൾ ഒട്ടും കുറവല്ല പ്ലാച്ചിമടയിലെ ജനങ്ങളോട് വ്യവസായവകുപ്പ് സെക്രട്ടറി ചെയ്തത് എന്ന് എന്തേ ഈ പത്രങ്ങളിലൊന്നും ചർച്ച ചെയ്യപ്പെടാഞ്ഞത്? ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിക്കാൻ അർദ്ധമനസ്സോടെയെങ്കിലും തയ്യാറെടുത്ത ആൻഡേഴ്സണെ സ്നേഹത്തോടെ പുറത്തുതട്ടി സർക്കാർ വിമാനത്തിൽ രാജകീയ യാത്രയയപ്പു നൽകിയത് അർജുൻസിംഗ്, പി.സി. സേഥി, ധീരേന്ദ്ര ബ്രഹ്മചാരി തുടങ്ങിയ കാർബൈഡ് ഗസ്റ്റ് ഹൗസിലെ സ്ഥിരം സന്ദർശകരുടെ ഉപകാരസ്മരണ മാത്രമായിരിക്കുന്നു.

പ്ലാച്ചിമടയിൽ കോളക്കമ്പനി പൂട്ടേണ്ടിവന്നതിൽ ദുഃഖമുണ്ടെന്ന് സെക്രട്ടറി പറയുമ്പോൾ ഏതു രാജ്യതാത്പര്യങ്ങളുടെ പേരിലാണതെന്ന് ഒരൊറ്റ പത്രത്തിലും വിശകലനം ചെയ്യപ്പെട്ടില്ല. പ്ലാച്ചിമടയെന്ന ഗ്രാമത്തിലെ കുടിവെള്ളം വറ്റിച്ച് കൃഷിഭൂമി മുഴുവൻ വിഷം കലർത്തിയ കമ്പനിയെക്കുറിച്ചോർക്കുമ്പോൾ കരച്ചിൽ വരുന്ന സെക്രട്ടറി നാടുവാഴുമ്പോൾ അമേരിക്കയിൽ ശിഷ്ടജീവിതം കഴിച്ചുകൂട്ടുന്ന വൃദ്ധനെ എന്തിനു തിരിച്ചുകൊണ്ടുവന്ന് ശിക്ഷിക്കണം? ഭോപ്പാലുകൾ സംഭവിച്ചുകൊണ്ടേയിരിക്കും; പക്ഷേ നമുക്ക് വികസനം വേണ്ടെന്നു വക്കാനാകുമോ എന്ന് ഒരിക്കൽ ചോദിച്ചത് രാജ്യം ഭരിക്കുന്ന പ്രധാനമന്ത്രി തന്നെയാണ്. നാട്ടുകാരുടെ പൊതുനന്മയ്ക്കുതകുന്ന പദ്ധതികളല്ല, മറിച്ച് കമ്പനികളുടെ നിക്ഷേപതാത്പര്യങ്ങളാണ് രാജ്യവികസനത്തിനാവശ്യം എന്നല്ലേ ഈ രാജശാസനങ്ങൾ വിളിച്ചു പറയുന്നത്? അപ്പോൾ ഭോപ്പാലിൽ 26 വർഷങ്ങൾക്ക് മുമ്പ് നടന്നതും ഇപ്പോൾ കേരളത്തിലും ഇന്ത്യയിലങ്ങോളമിങ്ങോളവും നടന്നുകൊണ്ടിരിക്കുന്നതുമായ നൂറുകണക്കിനു സമരമുഖങ്ങളിലും ആവർത്തിച്ചുകൊണ്ടിരിക്കുന്ന ദുരന്തം ഒന്നുതന്നെ. അത്, ജോലിചെയ്ത് അന്തസ്സോടെ ജീവിക്കാനുള്ള സാധാരണക്കാരന്റെ അവകാശത്തോടുള്ള നിഷേധമാണ്. എൻഡോസൾഫാൻ പകർന്നുതന്ന കാൻസർ രോഗബാധ ജനങ്ങളെ കൊന്നൊടുക്കിയപ്പോൾ പോലും നമുക്ക് സമരം ചെയ്യേണ്ടിവന്നു. വളം കമ്പനികളുടെ ലാഭശതമാനവും ഡിവിഡന്റ് കണക്കുകളുമാണ് പൊതുജനാരോഗ്യ ഇൻഡക്സിനേക്കാൾ പ്രധാനം എന്നതു തന്നെ ഇതിനു കാരണം. ഇപ്പോൾ കാതിക്കുടത്ത് നിറ്റാജലാറ്റിൻ കമ്പനി കൃഷിസ്ഥലത്തേക്കും പുഴയിലേക്കും വിഷജലം തുറന്നുവിടുമ്പോൾ ഇടതു സർക്കാരായിട്ടുപോലും ജനങ്ങൾക്കനുകൂലമായ തീരുമാനമുണ്ടാകുന്നില്ല എന്നത് എത്ര ലജ്ജാകരമാണ്. പ്ലാച്ചി

ഭോപ്പാലിൽ 26 വർഷങ്ങൾക്ക് മുമ്പ് നടന്നതും ഇപ്പോൾ കേരളത്തിലും ഇന്ത്യയിലങ്ങോളമിങ്ങോളവും നടന്നുകൊണ്ടിരിക്കുന്നതുമായ നൂറുകണക്കിനു സമരമുഖങ്ങളിലും ആവർത്തിച്ചു കൊണ്ടിരിക്കുന്ന ദുരന്തം ഒന്നുതന്നെ. അത്, ജോലിചെയ്ത് അന്തസ്സോടെ ജീവിക്കാനുള്ള സാധാരണക്കാരന്റെ അവകാശത്തോടുള്ള നിഷേധമാണ്. എൻഡോസൾഫാൻ പകർന്നുതന്ന കാൻസർ രോഗബാധ ജനങ്ങളെ കൊന്നൊടുക്കിയപ്പോൾ പോലും നമുക്ക് സമരം ചെയ്യേണ്ടിവന്നു. വളം കമ്പനികളുടെ ലാഭശതമാനവും ഡിവിഡന്റ് കണക്കുകളുമാണ് പൊതുജനാരോഗ്യ ഇൻഡക്സിനേക്കാൾ പ്രധാനം എന്നതു തന്നെ ഇതിനു കാരണം. ഇപ്പോൾ കാതിക്കുടത്ത് നിറ്റാജലാറ്റിൻ കമ്പനി കൃഷിസ്ഥലത്തേക്കും പുഴയിലേക്കും വിഷജലം തുറന്നുവിടുമ്പോൾ ഇടതു സർക്കാരായിട്ടുപോലും ജനങ്ങൾക്കനുകൂലമായ തീരുമാനമുണ്ടാകുന്നില്ല എന്നത് എത്ര ലജ്ജാകരമാണ്. പ്ലാച്ചിമടയിൽ കോളക്കമ്പനിക്കുണ്ടായ ദുര്യോഗത്തിൽ ശോകഭാരം വിതുമ്പുന്ന വ്യവസായ വകുപ്പുതന്നെയാണ് കാതിക്കുടം കമ്പനിയിലും ഭരണം നടത്തുന്നത് എന്നിരിക്കെ, കേരളത്തിൽ ക്യാൻസർ രോഗികളുടെ എണ്ണം ഇനിയും കൂടാനാണ് സാധ്യത.

മടയിൽ കോളക്കമ്പനിക്കുണ്ടായ ദുര്യോഗത്തിൽ ശോകഭാരം വിതുമ്പുന്ന വ്യവസായ വകുപ്പുതന്നെയാണ് കാതിക്കുടം കമ്പനിയിലും ഭരണം നടത്തുന്നത് എന്നിരിക്കെ, കേരളത്തിൽ ക്യാൻസർ രോഗികളുടെ എണ്ണം ഇനിയും കൂടാനാണ് സാധ്യത. കിനാലൂരിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വരുമെന്ന് പറയുന്ന സ്ഥലത്തേക്കുള്ള ഇൻഫ്രാസ്ട്രക്ചർ വിപുലീകരണത്തിന്റെ ഭാഗമായി റോഡുവികസനത്തിന് ഭൂമി ഏറ്റെടുത്തപ്പോൾ അന്തസ്സായി ജീവിക്കുന്ന ഒരു ജനതയുടെ മന:സമാധമാണ് നഷ്ടപ്പെടുന്നത് എന്നോർക്കുക.

ഭോപ്പാലിലെ വിഷം തീണ്ടിയ ജനങ്ങളുടെ അതേ പരാധീനതകളാണ് പ്ലാച്ചിമടയിലും ഇപ്പോൾ അനുഭവപ്പെടുന്നത് എന്നു കാണാം. ദുരന്തത്തിനു ശേഷം ലഭിച്ച നാമമാത്രമായ നഷ്ടപരിഹാരം ജനങ്ങളുടെ അഭിമാനത്തിനേറ്റ ആദ്യത്തെ പ്രഹരമായിരുന്നുവെങ്കിൽ ഇപ്പോഴത്തെ കോടതിവിധി ഭോപ്പാലിലെ വിഷം തീണ്ടിയ ജനങ്ങളുടെ അതേ പരാധീനതകളാണ് പ്ലാച്ചിമടയിലും ഇപ്പോൾ അനുഭവപ്പെടുന്നത് എന്നു കാണാം. ദുരന്തത്തിനു ശേഷം ലഭിച്ച നാമമാത്രമായ നഷ്ടപരിഹാരം ജനങ്ങളുടെ അഭിമാനത്തിനേറ്റ ആദ്യത്തെ പ്രഹരമായിരുന്നുവെങ്കിൽ ഇപ്പോഴത്തെ കോടതി വിധി ഭോപ്പാലുകാർക്ക്, അവരുടെ മുഴുവൻ അന്തസ്സും ചോർത്തിക്കളയാൻ മാത്രം സഹായിക്കുന്നതാണ്.

ജനങ്ങൾക്ക് നീതിന്യായ നിർവ്വഹണം നടപ്പിലാക്കാൻ പ്രതിജ്ഞാബദ്ധരായ ന്യായാധിപർ തന്നെ കാർബൈഡ് കേസിൽ നടത്തിയ വിധിന്യായങ്ങളുടെ പെൻഷൻ പറ്റിയശേഷം അവർ ചെന്നുപറ്റിയ ലാവണങ്ങളും കാണിച്ചു തരുന്നതിന് കോർപ്പറേറ്റ് ലാഭക്കൊതിയും പൊതുജനനന്മയും ക്രയവിക്രയത്തിലേർപ്പെടുന്നത് സമൂഹത്തിലെ അധോലോകസദസ്സുകളിലാണെന്നാണ്. അന്തസ്സോടെ ജീവിക്കാൻ നമ്മളെ നിരുത്സാപ്പെടുത്തുന്ന സെക്രട്ടറി വ്യവസായ സംരംഭകർക്കു മുമ്പാകെ കുമ്പസാരം നടത്തുമ്പോൾ പ്ലാച്ചിമടയുടെ മാത്രമല്ല, മുഴുവൻ കേരളീയരുടേയും അഭിമാനമാണ് ക്ഷതപ്പെടുന്നത്. കോർപ്പറേറ്റ് ആധിപത്യവും വികസനവും ജനനന്മയും തമ്മിലുള്ള 'പെർമ്യൂട്ടേഷൻ കോമ്പിനേഷൻ' നമ്മുടെ വിപ്ലവ-നേതാക്കൾക്കുപോലും മനസ്സിലാക്കാത്തതെന്തേ!?

ഭോപ്പാലിലും പ്ലാച്ചിമടയിലും തോല്കുന്നത് പൊതുജനമാണെങ്കിൽ വൻകമ്പനികളും അവരെ സംരക്ഷിക്കുന്ന ഭരണകൂടവുമാണ് വിജയിച്ചതെന്ന് പറയേണ്ടിവരും. സാമ്പത്തിക വികസനത്തിനാവശ്യം കമ്പനികളും ഫാക്ടറികളും മാത്രമാണെന്നും ആദായം ജനങ്ങളെ അറിയിക്കാതെ കടത്തിക്കൊണ്ടുപോകാമെന്നുമുള്ള മൂഢവിശ്വാസമാണ്. ജനസാന്ദ്രത കൂടുതലുള്ള നമ്മുടെ നാട്ടിൽ അനുയോജ്യമായ വികസനമാതൃകകൾ രൂപപ്പെടുന്നില്ല. പ്രകൃതിവിഭവങ്ങൾ അതതു സ്ഥലങ്ങളുടെ പൊതുസ്വത്താണെന്ന് മാനിക്കപ്പെടുന്നില്ല. കൊള്ളലാഭം എത്രയായാലും കുറച്ച് പേർക്ക് തൊഴിൽ കൊടുത്തു എന്നതിന്റെ പേരിൽ കൊണ്ടുപോകാവുന്നതാണെന്ന് മാവൂർ റയോൺസ് മുതൽ നാം കാണുന്നതാണ്. പ്ലാച്ചിമടയിൽ നാം കണ്ടതും പുതുശ്ശേരിയിലും കാതിക്കുടത്തും കണ്ടുകൊണ്ടിരിക്കുന്നതും ഇതുതന്നെ.

ഭോപ്പാൽ ദുരന്തത്തോടും അനന്തരഫലങ്ങളോടും, ഇപ്പോൾ കോടതിവിധിയോടും സഹതാപപ്പെടുമ്പോഴും ആണവസാധ്യതാബില്ലിന്റെ കാര്യമെടുക്കുമ്പോൾ, അമേരിക്കയോട് അനുഭാവം കാണിക്കാതെ വയ്യ. ദില്ലി മേലാളന്മാർക്ക്. നിങ്ങൾ ഇന്ത്യയിൽ ആണവറിയാക്ടർ പ്രവർത്തിപ്പിച്ചോളൂ; അപകടമുണ്ടായാൽ നിങ്ങൾക്ക് ഉത്തരവാദിത്തമുണ്ടാവുകയേയില്ല എന്ന് വീണ്ടും താണുകേണപേക്ഷിക്കുന്നു. ഭാവിയിലുണ്ടായേക്കാവുന്ന അത്തരത്തിലൊരു നിയമയുദ്ധത്തിന് പ്രിസിഡൻസാവില്ല ഇപ്പോഴത്തെ ഭോപ്പാൽ കോടതിവിധി എന്നാരു കണ്ടു? ഉടമ്പടിയുണ്ടാക്കുമ്പോൾ പിന്നീടുണ്ടായേക്കാവുന്ന അപകടാവസ്ഥയിൽ നിന്നും രക്ഷനേടാൻ മുൻകൂട്ടി നിയമപ്രാബല്യമുണ്ടാക്കുക എന്നതാണ് അമേരിക്കൻ ശൈലി. ഉദാഹരണത്തിന് അവർ പടച്ചുണ്ടാക്കിയിട്ടുള്ള ഹൈഡ് ആക്ട് അതുതന്നയല്ല, അപകടങ്ങൾ അമേരിക്കൻ മണ്ണിൽ വിചാരണ ചെയ്യപ്പെടാതിരിക്കാനും അവർ ശ്രദ്ധിക്കുന്നു. 1985-ൽ കാർബൈഡ് കേസിലെ വിചാരണ ഇന്ത്യയിൽ മതിയെന്ന് അമേരിക്കൻ കോടതികളെ ഉപദേശിച്ചത് ഇന്ത്യൻ റിയാക്ടർ

തന്നെയായിരുന്നുവെന്ന് ഓർക്കുക. അങ്ങനെ ലോകം കണ്ട ഏറ്റവും വലിയ വ്യാവസായിക ദുരന്തം കേവലം ഒരു ബൈക്കപടം പോലെ ലൈറ്റ് വെയ്റ്റ് ആയിക്കളഞ്ഞു. വർഷങ്ങൾക്കു ശേഷം പ്ലാച്ചിമടയുടെ സ്വാഭാവിക പരിണതി ഓർമ്മിപ്പിക്കുന്ന വ്യവസായ സംരംഭകർ വകുപ്പുസെക്രട്ടറിയുടെ മുതലക്കണ്ണീർ കണ്ട് മൂക്കത്തു വിരൽ വച്ചിരിക്കാം. ഇന്ത്യയ്ക്ക് പുറത്ത് ഏതു കസേരയാണ് അദ്ദേഹത്തെ കാത്തിരിക്കുന്നതെന്ന് അത്ഭുതപ്പെട്ടിരിക്കാം. കൃഷിഭൂമിയിൽ വിഷം കലക്കിയ കമ്പനി പൂട്ടിയതുവഴി നികുതിയിനത്തിൽ 500 കോടിയുടെ നഷ്ടമുണ്ടായെന്നു പറയുന്ന സെക്രട്ടറി കേരളത്തിന്റെ പൊതുമനസ്സാക്ഷിയ്ക്കു തന്നെ നാണക്കേടുണ്ടാക്കിയിരിക്കുന്നു

കച്ചവടം നടത്തിക്കിട്ടുന്നതിലെ അറ്റാദായത്തിന്റെ ഒരോഹരി അതേ സ്ഥലത്ത് പ്രകൃതിശോഷണം ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ അഭിവൃദ്ധിക്കായി ഉപയോഗിക്കണമെന്നതാണ് കീഴ്‌വഴക്കം.

ഭോപ്പാലിലും പ്ലാച്ചിമടയിലും കൊള്ളലാഭം കൊയ്തെടുത്ത് നാടുവിട്ട കമ്പനികൾ ഈ ഉടമ്പടി പാലിച്ചില്ല. എന്നാൽ ഇതേ കമ്പനികളുടെ ആസ്ഥാനമായ അമേരിക്കയിൽ പ്രസിഡന്റ് ഒബാമ, എണ്ണ ഒഴുക്കുന്നതുകൊണ്ട് മെക്സിക്കൻ തീരത്തുണ്ടായ പരിക്കുകൾക്ക് നിവൃത്തിയുണ്ടാക്കിയില്ലെങ്കിൽ ബി.പി.ഒയുടെ (ബ്രിട്ടീഷ് പെട്രോളിയം) കഴുത്തിന് പിടിയ്ക്കുമെന്ന് വെട്ടിത്തുറന്നു പറഞ്ഞു. അങ്ങനെയെങ്കിൽ രണ്ടായിരം കോടി ഡോളർ നഷ്ടപരിഹാരം കൊടുക്കേണ്ടിവരികെ ഇംഗ്ലണ്ടിലെ പെൻഷൻകാരുടെ വയറ്റത്തുചവിട്ടി കൊണ്ടിരിക്കുമെന്ന് ഡേവീഡ് കാമറൂണിന്റെ മറുപടി. ബ്രിട്ടനിലെ പെൻഷനേഴ്സ് ഫണ്ട് ഭൂരിഭാഗവും നിയോഗിച്ചിരിക്കുന്നത് ബി.പി.ഒയുടെ ഓഹരികളിലാണ ത്രേ!

ഈ വാക് പയറ്റു നടന്നുകൊണ്ടിരിക്കുമ്പോൾ ദക്ഷിണാഫ്രിക്കയിൽ ലോകകപ്പ് ഫുട്ബാളിൽ ഇംഗ്ലണ്ടും അമേരിക്കയും ഏറ്റുമുട്ടുകയായിരുന്നു. മത്സരം അതിഗംഭീരമായെങ്കിലും അവസാനം ഇരുവരും ഓരോ ഗോളടിച്ച് സമനിലയിൽ പിരിഞ്ഞു. അതെ! വൻകിടക്കാർ കളിയ്ക്കുമ്പോഴൊക്കെ പോയന്റ് പങ്കുവെച്ച് ഡ്രോ ആക്കുന്നു. അവരാരും ഒരിക്കലും തോല്ക്കുന്നില്ല.

ഇന്ത്യയിൽ പൊതുജനത്തെ പിച്ചപ്പാളയെടുപ്പിച്ചത് നീതിന്യായത്തിന്റെ റഫറി ചമഞ്ഞ രാഷ്ട്രീയദല്ലാളന്മാരും ഉദ്യോഗസ്ഥപരിഷകളുമാണ്.

# കൊക്കകോളയ്ക്കെതിരായ റിപ്പോർട്ട് അട്ടിമറിക്കാൻ നീക്കം

വി.എസ്. ശ്യാംലാൽ

തിരുവനന്തപുരം: പ്ലാച്ചിമടയിലെ പരിസ്ഥിതിക്കും ജനങ്ങൾക്കും നാശം വരുത്തിയതിന്റെ പേരിൽ കൊക്കകോളയിൽ നിന്ന് 216 കോടി രൂപ നഷ്ടപരിഹാരം ഈടാക്കാൻ ശുപാർശ ചെയ്തുകൊണ്ട് വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ട് അട്ടിമറിക്കാൻ വ്യവസായ വകുപ്പിന്റെ ശ്രമം. റിപ്പോർട്ട് നടപ്പാക്കുന്നതു സംബന്ധിച്ച ഫയൽ ഇപ്പോൾ വ്യവസായ വകുപ്പിന്റെ പരിഗണനയിലാണ്. മാർച്ചിൽ സമർപ്പിക്കപ്പെട്ട റിപ്പോർട്ടിന്മേൽ ഇതുവരെ നടപടിയൊന്നും ഉണ്ടായിട്ടില്ല.

അഡീഷണൽ ചീഫ് സെക്രട്ടറി കെ.ജയകുമാർ അദ്ധ്യക്ഷനായ ഉന്നതതല സമിതിയാണ് കൊക്കകോള കമ്പനിയിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കാൻ ശുപാർശ ചെയ്യുന്ന റിപ്പോർട്ട് തയ്യാറാക്കിയത്. ജലവിഭവ വകുപ്പിനു ലഭിച്ച റിപ്പോർട്ട് ഫയലാക്കി മുഖ്യമന്ത്രിക്കു കൈമാറി. നഷ്ടപരിഹാരം ഈടാക്കുന്നതു സംബന്ധിച്ച കാര്യങ്ങൾക്കു മേൽനോട്ടം വഹിക്കുന്നതിനുള്ള ശുപാർശയാണ് അതിലുണ്ടായിരുന്നത്. ഇതു സംബന്ധിച്ച അഭിപ്രായം അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി ഫയൽ വ്യവസായ വകുപ്പിനു കൈമാറി.

ഈ ഫയൽ കൈവശമെത്തിയ സമയത്താണ് കൊക്കകോളയെ രക്ഷിക്കാനാവാത്തതിൽ ഖേദമുണ്ടെന്ന വിവാദ പ്രസ്താവന വ്യവസായവകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി ടി. ബാലകൃഷ്ണന്റെ ഭാഗത്തുനിന്നുണ്ടാവുന്നത്. അതിനെതുടർന്നാണ് ജയകുമാർ സമിതിയുടെ റിപ്പോർട്ടിനെതിരായ നീക്കം പ്രത്യക്ഷമായി ആരംഭിക്കുന്നത്. ഇതിന് ഭരണതലപ്പത്തെ ചിലരുടെ പിന്തുണയുണ്ട്.

ജയകുമാർ സമിതിയിലെ ഔദ്യോഗിക അംഗങ്ങളായ ഉദ്യോഗസ്ഥരുടെ യോഗം ജൂൺ എട്ടിന് ബാലകൃഷ്ണൻ വിളിച്ചു ചേർത്തു. നഷ്ടപരിഹാരം ഈടാക്കാൻ നിർദ്ദേശിക്കുന്ന റിപ്പോർട്ട് തയ്യാറാക്കിയതിന്റെ അടിസ്ഥാനമെന്തായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ചോദ്യം. ജയകുമാർ സമിതിയിൽ അംഗങ്ങളായ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി, ഭൂജല വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ തുടങ്ങിയവരെല്ലാം യോഗത്തിനെത്തി. കൃഷിവകുപ്പ് ഡയറക്ടറെ പ്രതിനിധാനം ചെയ്ത് പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസറാണ് പങ്കെടുത്തത്.

പ്ലാച്ചിമടയിൽ തങ്ങൾ വിശദമായ പരിശോധന നടത്തിയിട്ടുണ്ടെന്ന് ചില ഉദ്യോഗസ്ഥർ അറിയിച്ചു. ഇതു സംബന്ധിച്ച് വിവിധ വകുപ്പുകൾ നേരത്തേ തയ്യാറാക്കിയ റിപ്പോർട്ടുകൾ പരിഗണിച്ചുവെന്നും അവർ മറുപടി നൽകിയെന്നുമാണ് അറിയുന്നത്.

(കടപ്പാട്: മാതൃഭൂമി ദിനപത്രം)